**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സമിതിയുടെ സാങ്കേതിക പഠനങ്ങൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100%-വും ഇതിലേക്കാവശ്യമായ സ്ഥലമേറ്റെ ടുക്കലിന്റെ 50%-വും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാനഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കേണ്ടതുമായ പദ്ധതിക്ക് 04.02.2019 ലെ സഉ(കൈ) 181/2019/ പൊമവ പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.<br><br>ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണം സാക്ഷാത്കരിക്കുന്നതിനായി ദേശീയ പാത അതോറിറ്റി മുന്നോട്ട് വച്ച വ്യവസ്ഥകൾ സംസ്ഥാനം |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും ഭൂമി ഏറ്റെടുക്കലിന്റെ 50% തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ വേണ്ട എന്ന് വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയും 04.06.2025 ൽ നടത്തിയ യോഗത്തിലും ഔട്ടർ റിംഗ് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച ആവശ്യം കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പാതയ്ക്കായി സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കലിന്റെ 50% തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക, ചരക്ക്-സേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നീ 4 ഇനങ്ങൾ ഉൾപ്പെടെ ഏകദേശം 1629.24 കോടി രൂപ സംസ്ഥാന വിഹിതമായി മാറ്റി വയ്ക്കേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ